**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2370** **15-10-2024 - ൽ മറുപടിയ്ക്ക്**

**ടെണ്ടർ ബാലൻസ് തുക വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെണ്ടർ ബാലൻസ് തുക പുതിയ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് അനുമതി കൊടുത്തത് ഏത് വർഷം മുതലാണ്; ടെണ്ടർ ബാലൻസ് തുക വിനിയോഗിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ; | (എ) | ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04/08/2018 ലെ സ.ഉ(അച്ചടി) നം.119/2018/ധന പ്രകാരം ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ്/ ടെണ്ടർ എക്സസ് ആ വർഷത്തെ പരമാവധി അഞ്ചു കോടി രൂപയിൽ കണക്കാക്കി കൂടുതൽ/ കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ്/ ടെണ്ടർ എക്സസ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ സേവിംഗ്സ്/ ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 – ന്റെ കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ്/ ടെണ്ടർ എക്സസ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 – ന്റെ കീഴിൽ പരിഗണിക്കാവുന്നതാണ്. ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഒരു കോടി രൂപയിൽ കുറവുള്ള അനുവദനീയമായ പ്രവർത്തികൾ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് നടപ്പാക്കുന്നതിന് സർക്കാരിന്റെ അനുവാദം ആവശ്യമില്ല.<br><br>സ.ഉ(അ) നം. 145/202/ധന തീയതി 17.12.2022 പ്രകാരം ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവു മനസ്സിലാക്കാൻ കഴിയൂ |

| | | | |
|---|---|---|---|
| | | | എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത വർഷം മുതൽ 2022-23 വർഷം വരെ ഓരോ വർഷവും എത്ര തുക ടെണ്ടർ ബാലൻസ് ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ 2017-18 മുതൽ 2022-23 വർഷം വരെ ഓരോ വർഷവും ടെണ്ടർ ബാലൻസ് ഉള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

നിയോജകമണ്ഡലം : ബാലുശ്ശേരി

| നമ്പർ | വർഷം | ടെണ്ടർ സേവിംഗ്സ് തുക (തുക രൂപയിൽ) |
|---|---|---|
| 1 | 2017-18 | 17,88,031 (പതിനേഴ് ലക്ഷത്തി എൺപത്തി എട്ടായിരത്തി മുപ്പത്തൊന്നു രൂപ) |
| 2 | 2018-19 | 15,05,342 (പതിനഞ്ച് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി നാൽപത്തി രണ്ടു രൂപ) |
| 3 | 2019-20 | 24,12,212 (ഇരുപത്തി നാലു ലക്ഷത്തി പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി പന്ത്രണ്ട് രൂപ) |
| 4 | 2020-21 | 26,05,027 (ഇരുപത്തിയാറു ലക്ഷത്തി അയ്യായിരത്തി ഇരുപത്തിയേഴ് രൂപ) |
| 5 | 2021-22 | 3,14,013 (മൂന്നു ലക്ഷത്തി പതിനാലായിരത്തി പതിമൂന്നു രൂപ) |
| 6 | 2022-23 | 3,43,933 (മൂന്നു ലക്ഷത്തി നാൽപത്തിമൂവായിരത്തി തൊള്ളായിരത്തി മുപ്പത്തി മൂന്നു രൂപ) |